LIBRARY ARCHIVES Kerala Legislative Assembly

മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം

176(482) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണത്തിനായി ഗാർഡൻ ഫണ്ട് വിനിയോഗിച്ച് 2016 മുതൽ 2021 ജൂൺ മാസം വരെയുള്ള കാലയളവിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) 2016-17 വർഷങ്ങളിൽ മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണത്തിനായി യാതൊരു പ്രവൃത്തികൾക്കും ഭരണാനുമതി നല്കിയിട്ടില്ല. 2018-2021 ജൂൺ വരെയുള്ള കാലയളവിൽ ആകെ 17 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഡാമുകളിലെ റൂൾ കർവ്

177 (483) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ റൂൾ കർവ് തയ്യാറാക്കിയിട്ടില്ലാത്ത ഡാമുകൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കാരാപ്പുഴ, മലങ്കര, ശിരുവാണി ഡാമുകൾക്ക് റൂൾ കർവ് തയ്യാറാക്കിയിട്ടില്ല.

(ബി) ഇത്തരം ഡാമുകളിൽ പ്രളയ സാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള എന്തെങ്കിലും ശാസ്ത്രീയ സംവിധാനങ്ങൾ നിലവിലുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. 200 MCM-ൽ താഴെ സംഭരണ ശേഷിയുള്ള ഡാമുകളിൽ പ്രളയ സാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനായി Blue, Orange, Red എന്നീ മൂന്ന് തലത്തിലായി Alert Level നിശ്ചയിച്ചിട്ടുള്ളതും ആയത് പാലിച്ചുകൊണ്ട് അടിയന്തര ഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ അനുമതിക്ക് വിധേയമായി പ്രദേശവാസികൾക്ക് മുന്നറിയിപ്പു നൽകി കൊണ്ട് സ്പിൽവേ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) രണ്ട് പ്രളയങ്ങൾ അഭിമുഖീകരിച്ചതിൽ നിന്നും പാഠമുൾക്കൊണ്ട് റൂൾ കർവുകൾ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള മുൻകരുതൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

കേന്ദ്ര ജല കമ്മീഷൻ, ദുരന്ത നിവാരണ വകുപ്പ് എന്നിവയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മൺസൂൺ കാലയളവിൽ ഡാമുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾക്കുള്ള നിർദ്ദേശങ്ങളും ഡാം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗ രേഖകളും എല്ലാ തലത്തിലുമുള്ള കാര്യാലയങ്ങളിലേയ്ക്ക് നൽകിയിട്ടുള്ളതും ആയവ പാലിക്കുന്നുണ്ടെന്ന് യഥാസമയം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

(ഡി) പ്രളയ സാഹചര്യങ്ങൾ നേരിടുന്നതിന് മുൻകരുതലായി സംസ്ഥാനത്ത് വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

2018-ലും 2019-ലും സംസ്ഥാനം നേരിട്ട അതിതീവ്ര വെള്ളപ്പൊക്കവും അതുമൂലം ഉണ്ടായ നാശനഷ്ടങ്ങളിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ഈ വർഷങ്ങളിൽ ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ ബാധിക്കപ്പെട്ട നദികളിലൊന്നായ പെരിയാറിൽ വെള്ളപ്പൊക്ക പ്രവചന മുന്നറിയിപ്പു സംവിധാനം നടപ്പിലാക്കുവാനുള്ള പദ്ധതി നാഷണൽ ഹൈഡ്രോളജി പ്രൊജക്ടിനു കീഴിൽ തുടക്കം കുറിച്ചിട്ടുണ്ട്. പെരിയാറിലെ റിസർവ്വോയറുകളുടെ തൽസമയ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടാണ് ഈ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ഉദ്ദേശിച്ചിരിക്കുന്നത്. 2022 മേയ് മാസത്തിൽ ഈ പദ്ധതിയുടെ മോഡൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. തുടർന്ന് രണ്ട് മഴക്കാലങ്ങളിലെങ്കിലും മോഡൽ പ്രവർത്തിപ്പിച്ച് ഫോർകാസ്റ്റും യഥാർത്ഥ ജലത്തിന്റെ ഒഴുക്കുമായി താരതമ്യപ്പെടുത്തി കാലിബ്രേറ്റ് ചെയ്യേണ്ടതുണ്ട്.